# പ്രതികരണങ്ങൾ — 16



പ്രതികരണങ്ങൾ — 16

വായനക്കാർ

(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: All is Vanity, a painting by Charles Allan Gilbert (1873–1929). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## അജേഷ് കടന്നപ്പള്ളി: 'സയലൻസർ' (അദ്ധ്യാപക കഥ)

**ടി. ജിതേഷ്:** ചുണ്ടിലൂറിക്കൂടിയ ചിരിയോടെയല്ലാതെ അജേഷ് കടന്നപ്പള്ളിയുടെ കഥ വായിച്ചവസാനിപ്പിക്കാനാവില്ല. ഓരോരുത്തരുടെയും ഇരട്ടപ്പേരുകളിൽ നിന്ന് സൈലൻസറിലേക്കെത്തുന്നതിന്റെ ആവിഷ്കാരം മനോഹരമായിരിക്കുന്നു. കൂട്ടംചേരുന്ന കുട്ടികൾ; അവരുടെ അഭിപ്രായങ്ങളുടെ ആകെത്തുക; അതിൽനിന്നു രൂപപ്പെടുത്തുന്ന ഓരോ പേരിനും സർഗ്ഗാത്മകമായ ഒരു തലമുണ്ടെന്നുറപ്പ്. മാത്രമല്ല, അസാധാരണമായ രഹസ്യസ്വഭാവത്തോടെ അത് പരസ്യപ്പെട്ടുകൊണ്ടേയിരിക്കും. ഇരട്ടപ്പേരുകൾക്ക് പതിച്ച നല്കേണ്ട ഈ വായന തന്നെയാണ് കഥയുടെ ഞരമ്പ്. അല്ലെങ്കിൽത്തന്നെ കഥ പറയുന്നതിൽ എന്തിന് അലങ്കാരങ്ങൾ! ഓരോ നിലയിൽനിന്നും ഓരോരോ ക്ലാസിനു മുന്നിൽനിന്നും താളംചവിട്ടി വെറുതെ കടന്നുപോവുകയല്ല, ജീവിത പരിസരമാകെ നിരീക്ഷിച്ച് കൗതുകത്തോടെ നോക്കുകയാണയാൾ. കൈയൊതുക്കത്തോടെയുള്ള ഈ പറച്ചിലാണ് ഇക്കഥയുടെ കാതൽ. ചുറ്റുമുള്ളവയെ കണ്ടിട്ടും കാണാതെ പോകുന്നവരാണേറെ. സൂക്ഷ്മമായ നോട്ടങ്ങളിലൂടെ തങ്ങൾക്കുള്ളിൽത്തന്നെ ചേർന്നുനില്ക്കുന്ന കഥാപരിസരത്തെ കണ്ടെത്താനാവുമെന്ന് പുഞ്ചിരിയോടെ അജേഷ് പറഞ്ഞുവയ്ക്കുന്നു.

**ലിസി മാത്യു:** ജിതേഷിനോട് യോജിക്കുന്നു. പ്രയോഗസ്വാതന്ത്ര്യമില്ലെങ്കിലും ഇരട്ടപ്പേരുകൾ അതുല്യമായ സർഗാവിഷ്കാര സ്വാതന്ത്ര്യത്തെ അനുഭവിപ്പിക്കുന്നു. റോബിൻ ഏതാനും നിലകളിറങ്ങിയതിനു സമാന്തരമായി സുനാമി ബഹുനില കയറിപ്പോകുന്നു—നല്ല കഥ.

**ഷാജി തോട്ടത്തിൽ:** അജേഷ് കടന്നപ്പള്ളിയുടെ ഏറ്റവും സുന്ദരമായ ഒരു കഥയാണ് "സയലൻസർ". സ്കൂൾ അനുഭവത്തെ, സ്കൂളിലെ ഒരു കാഴ്ചയെ വളരെ മനോഹരമായിട്ട് ലളിതമായ ഭാഷയിലൂടെ സുന്ദരമായി തന്നെ ഒരു ചെറുകഥയാക്കി മാറ്റിയിരിക്കുന്നു. ഇനിയും ഇത്തരത്തിലുള്ള കഥകൾ പ്രതീക്ഷിക്കുന്നു.

## വി. എച്ച്. നിഷാദ്: ല—എന്ന പേരുള്ള മരവും മറ്റു കഥകളും

**കെ. സച്ചിദാനന്ദൻ:** നിഷാദിന്റെ കഥകൾ നന്നായി. ല എന്ന മരവും മൊബൈൽ ബുദ്ധനും വിശേഷിച്ചിഷ്ടം.

**ശരൺ ചന്ദ്രൻ എൻ:** നിഷാദിന്റെ കുറുങ്കഥകൾ മികച്ചതാണ്. ആറ്റിക്കുറുക്കലിന്റെ സൗന്ദര്യവും കനവും ഒരു പോലെ കഥകൾ അനുഭവപ്പെടുത്തുന്നു. പുതിയ കാലത്തിന്റെ ബലിയാടുകളെയും അവരുടെ നിസഹായതകളെയും പരാജയങ്ങളെയും അവ നിർമ്മിക്കുന്ന നിശബ്ദ നിലവിളികളെയും ഒരോ കഥകളും തെളിച്ചത്തിൽ വരച്ചിടുന്നുണ്ട്. നല്ല കഥകളുടെ മണിമുഴക്കം...

**അജേഷ് കടന്നപ്പള്ളി:** മലയാള ചെറുകഥാ ലോകത്ത് യുവ എഴുത്തുകാരുടെ നിരയിൽ ഏറെ പ്രതീക്ഷ നൽകുന്ന എഴുത്തുകാരനാണ് വി. എച്ച്. നിഷാദ്. നീണ്ട കാലത്തെ പത്രപ്രവർത്തക ജീവിതത്തിനിടയിലെ സൂക്ഷ്മജീവിതാന്വേഷണം കഥകളെ കൂടുതൽ തെളിച്ചമുള്ളതാക്കിയിട്ടുണ്ട്. ചെറുതും വലുതുമായ കഥകളിലെല്ലാം ജീവിതത്തിന്റെ വേരുകൾ പടർന്നു കിടക്കുന്നുണ്ട്. ഇവിടെ പ്രസിദ്ധീകരിച്ച 5 കുറുങ്കഥകളും ഇത്തരത്തിൽ സൂക്ഷ്മാന്വേഷണങ്ങളാണ്. വി. എച്. നിഷാദിന് അഭിനന്ദനങ്ങൾ... ഒപ്പം ‘സായാഹ്ന’യുടെ പ്രവർത്തകർക്കും.

**ദാമോദർ പ്രസാദ്:** ഭട്ടതിരിയുടെ കാലിഗ്രാഫിയും ജി. രജീഷിന്റെ പെൻസിൽ സ്കെച്ചസും മനോഹരമായിരിക്കുന്നു.

ഇവിടെ പ്രസിദ്ധീകരിച്ച എം. കൃഷ്ണൻ നായരുടെ സാഹിത്യ വാരഫലത്തിൽ ഇങ്ങനെയൊരു നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്:

“ഇന്നത്തെ ചെറുകഥകളുടെ ദോഷം?

ഉത്തരം: മനുഷ്യബന്ധങ്ങളുട കഥ അവയിൽ ഇല്ല.”

കൃഷ്ണൻ നായരുടെ “മനുഷ്യ ബന്ധങ്ങൾ” എന്നതിന്റെ അളവുക്കോൽ എന്താണെന്നത്ര വ്യക്തമല്ല. ഒരു പക്ഷേ, ആനന്ദിന്റെ തുന്നൽക്കാരൻ എന്ന കഥയിലേതു പോലെ അത് ഒരു നൃശംസന്റെ (നിരൂപകൻ എന്നർത്ഥത്തിലും) കൈയിൽ സംഹാരത്തിന്റെ അളവുകോൽ ആകാനും സാധ്യതയുണ്ട്.

വി. എച്ച്. നിഷാദിന്റെ ഇവിടെ പ്രസിദ്ധീകരിച്ച കഥകളിൽ ആദ്യത്തേതും അവസാനത്തേതും മനുഷ്യനും മൊബൈൽ ഫോണും തമ്മിലുള്ള ഇടപഴകലുമായി ബന്ധപ്പെട്ടതാണ്. അത് പരിമിതമായ അർത്ഥത്തിൽ മനുഷ്യ ബന്ധങ്ങളുടെ മാത്രമല്ല.

മനുഷ്യന്റെ ഒടുങ്ങാത്ത സംസാരങ്ങൾ കേട്ടു കേട്ടു നിർവാണം പ്രാപിച്ച മൊബൈൽ ഫോണിനെ കുറിച്ചാണ്. മനുഷ്യത്വത്തെ അതിവർത്തിക്കുന്ന ഒരവസ്ഥയെപ്പറ്റിയാണ് ആക്കഥ എന്നു പറയാം.

മനുഷ്യബന്ധങ്ങളുടെ അതിലോല പ്രദേശത്ത് വ്യവഹരിക്കുന്ന ഒന്നു മാത്രമല്ല കഥയായാലും സാഹിത്യമായാലും.

ഈയാക്കഴിഞ്ഞ ദിവസങ്ങളിലൊന്ന് ഗാർഡിയനിൽ പ്രസിദ്ധീകരിച്ച ഒപ്പിനീയൻ പീസ് എഴുതിയത് റോബോട്ടാണ്.

വരാൻ പോകുന്ന ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ റോബോട്ട് എഴുതിയ അതി ഗംഭീരൻ കഥകളും, നോവലുകളും, കവിതകളും മനുഷ്യർക്ക് വായിക്കാനവസരം ഉണ്ടാകുന്നതായിരിക്കും.

രാഷ്ട്രീയ കവിത വേണോ—രാഷ്ട്രീയ കവിത. ഇനി നമ്മുടെ മലയാളത്തിൽ ചില അമ്പതു വയസ്സിലെത്തിയ യുവ കവികൾ മുമ്പ് ആഹ്വാനം ചെയ്ത പോലെ പ്രത്യയ ശാസ്ത്ര-രാഷ്ട്രീയ-ചരിത്ര-നിർമുക്ത കവിത വേണോ—അങ്ങനെ. ഏതു രൂപത്തിലും ഭാവത്തിലും സർഗ്ഗാത്മക രചനകൾ ഉല്പാദിപ്പിക്കാൻ സാധിക്കും.

വ്യവസായിക അടിസ്ഥാനത്തിൽ തന്നെ സാഹിത്യ രചന സംരംഭങ്ങൾക്ക് സാധ്യതയുണ്ട്.

ഒരു റോബോട്ടിക്ക് സാഹിത്യ സ്റ്റാർട്ട് അപ്പിനെക്കുറിച്ച് ഗൗരവമായി ആലോചിക്കാവുന്നതാണ്.

**കരുണാകരൻ:** Guardian-ലെ ആ Op-Ed വായിച്ചിരുന്നു, റോബോട്ടിന്റെ, ‘രസികൻ’ എഴുത്തായിരുന്നു അത്, മനുഷ്യനും ദൈവത്തിനും ഒപ്പം നിന്ന് ‘ദൈവത്തെ’ പ്രാർത്ഥിയ്ക്കുന്ന പോലെ ഒരു രസമുണ്ടായിരുന്നു അത് വായിക്കാൻ. കഥകളും കവിതകളും എഴുതുന്ന AI, അല്ലെങ്കിൽ ഭാവനയുടെ എല്ലാ കരയിലും ഉണ്ടാവുമെന്നുതന്നെ കരുതണം. നിഷാദിന്റെ കഥകൾ വായിക്കുന്ന, എഡിറ്റ് ചെയ്യുന്ന, ആ “സഹപത്രാധിപനെ” ഇപ്പോൾ എഴുതുമ്പോൾത്തന്നെ സങ്കൽപ്പിക്കാൻ പറ്റും. (ഇനി കഥ എഴുതുമ്പോൾ എന്റെ തലമുറയിലെ ആരെല്ലാമാണ് ഇപ്പോൾ കഥ എഴുതുന്നത് എന്നായിരിക്കില്ല, ഒരു റോബോട്ട് ഈ കഥ എങ്ങനെയാവും ഭാവന ചെയ്യുക എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു). പക്ഷേ, എനിക്ക് തോന്നുന്നത് നമ്മുടെ (എഴുത്തുകാരുടെ) ഒരു പ്രശ്നം അപ്പോഴും ‘സർഗ്ഗാത്മകതയുടെ ഉപയോഗം’ തന്നെയായിരിക്കും എന്നാണ്, അത് എങ്ങനെയാവണം എന്നുതന്നെയായിരിക്കും എന്നാണ്. എന്തായലും, ഇതൊക്കെ കാണാൻ ആയുസ്സ് തരണേ അല്ലെങ്കിൽ മരിച്ചതിനും ശേഷം ഇതൊക്കെ അറിയാൻ ബ്രയിനിൽ ഒരു ഡിവൈസ് എങ്കിലും...

**നന്ദിനി മേനോൻ:** നിഷാദിന്റെ കഥകൾ മെലിഞ്ഞു് മനോഹരം.

**സുബൈർ:** കുറഞ്ഞ വാക്കുകളിൽ കുറിയ്ക്കു് കൊള്ളുന്ന കഥകൾ എഴുതിയ നിഷാദിന് അഭിനന്ദനങ്ങൾ.

## കെ. ജി. എസ്.: അയ്യപ്പപ്പണിക്കർക്ക്

**കരുണാകരൻ:** പണിയില്ലാത്ത ദിവസം, വെള്ളിയാഴ്ച, പുലർച്ചെ നാല് മണി കഴിഞ്ഞിട്ടേ ഉള്ളൂ, കെ. ജി. എസ്സിന്റെ അയ്യപ്പപ്പണിക്കരെ കണ്ടിറങ്ങി, എന്ത് നല്ല ഓർമ്മ, എന്ത് നല്ല എഴുത്ത്, എത്ര നല്ല ചിരി, എത്ര നല്ല ശൂന്യത, ഇല്ലാത്ത ആളെ ഓർക്കുന്നത്ര ഭംഗി കാണാൻ പോകുന്ന ആൾക്കില്ല. കവിതയുടെ ഒരു നീരൊഴുക്ക് ഉണ്ടായതും ഇല്ലാതായതും പിന്നെ ഓർത്തതിനാൽ തിരികെ വന്നതും ഒക്കെ കെ ജി എസ്സിന്റെ എഴുത്തിൽ ഉണ്ട്. നമ്മുടെ കവിതയും.

ഒരിക്കൽ ഇവിടെ കുവൈറ്റിൽ വെച്ച് അയ്യപ്പപ്പണിക്കരെ ഞാൻ കണ്ടിട്ടുണ്ട്, അത് മറക്കാൻ പറ്റില്ല. ഏതോ ലോക യാത്ര കഴിഞ്ഞു ലണ്ടൻ വഴി കുവൈറ്റ് വഴി നാട്ടിലേക്ക് പോവുകയാണ്, മലയാളി സംഘടനകൾ കാര്യമറിഞ്ഞു പണിക്കർക്ക് സ്വീകരണം വെച്ചു. സംഘടനകളിൽ ഇല്ലാത്ത പക്ഷേ, സാഹിത്യത്തിൽ കമ്പമുള്ള എന്നെ സ്വാഗതം പറയാൻ സംഘടനക്കാർ ക്ഷണിച്ചു. ഞാനും ഭാര്യയും മകളും പോയി. രാത്രിയാണ്, നല്ല തിരക്ക്. ഞാൻ അവരോട് എന്താണ് അയ്യപ്പപ്പണിക്കർ പറയാൻ പോകുന്ന സംഭവം എന്ന് ചോദിച്ചു. എല്ലാ സാഹിത്യതൽപ്പരരായ മലയാളികളെയും പോലെ അവരുടെ അദ്ധ്യക്ഷൻ പറഞ്ഞു, "കവിത ഇന്നലെ, ഇന്ന്, നാളെ"... എന്റെ മനസ്സ് കെട്ടു, കാരണം അക്കാലത്ത് കേരളത്തിൽ തകൃതിയായി ഒരു ചർച്ച നടക്കുന്നുണ്ട്, ഉത്തരാധുനികതയെ പറ്റി, പണിക്കരാണ് അത് കൊണ്ടുപിടിക്കുന്നത്. എനിക്കത് ആ വായിൽനിന്ന് കേൾക്കണം, ആ രാത്രിയെ പണിക്കർ ഇവിടെ ഉള്ളൂ, പിറ്റേന്ന് രാവിലെ പോവും. ഒരു നിവൃത്തിയുമില്ല.

അയപ്പപ്പണിക്കർ വന്നു. ചെറിയ ആളാണ്, തെളിഞ്ഞ ചിരിയാണ്, ഫോട്ടോയിൽ കണ്ടപോലെത്തന്നെ. സംഘാടകർ എന്നെ പണിക്കർക്ക് പരിചയപ്പെടുത്തി, പരിപാടി തുടങ്ങി, പണിക്കരുടെ കൂടെ വേദിയിൽ ഞാനും അദ്ധ്യക്ഷനും ഇരുന്നു. അദ്ധ്യക്ഷൻ എന്നോട് സ്വാഗതം പറയാൻ പറഞ്ഞു. ഞാൻ സ്വാഗതം പറഞ്ഞു, പണിക്കരുടെ കവിതകളുടെ ഓർമ്മ ഓർത്തു, ഒടുവിൽ ഇങ്ങനെ അവസാനിപ്പിച്ചു. "ഇന്ന് ശ്രീ. അയ്യപ്പപ്പണിക്കർ നമ്മളോട് ഇപ്പോൾ കേരളത്തിൽ സജീവ വിഷയമായ സാഹിത്യത്തിലെ ഉത്താരാധുനികതയെ പറ്റി സംസാരിക്കുന്നതാണ്." സദസ്സിലെ സംഘാടകർ എന്നെ നോക്കി കണ്ണുരുട്ടി, അധ്യക്ഷൻ എന്നെ നോക്കുന്നത് ഞാൻ കാണാതെ കണ്ടു. ഞാൻ പക്ഷേ, ആരെയും നോക്കിയില്ല, തിരിച്ച് സീറ്റിൽ വന്ന് ഇരുന്നു, പണിക്കരെയും നോക്കിയില്ല. അയപ്പപ്പണിക്കർ മൈക്കിന്റെ അരികിലേക്ക് വന്നു, അവിടെ നിന്ന് എന്നെ തിരിഞ്ഞു നോക്കി, പിന്നെ എല്ലാവരും കേൾക്കേ പറഞ്ഞു, "ഇതേ പേരുള്ള ഒരു കരിങ്കാലി അവിടെ നാട്ടിലുമുണ്ട്, സാരമില്ല, ഞാൻ ഉത്തരാധുനികതയെ പറ്റിത്തന്നെ പറയാം".

അതൊരു ഉഗ്രൻ പ്രഭാഷണം ആയിരുന്നു. രണ്ട് രണ്ടര മണിക്കൂർ അദ്ദേഹം തന്നെ മുഴുകി നിന്ന പ്രഭാഷണം. സദസ്സ് നിശബ്ദമായി അദ്ദേഹത്തെ കേൾക്കുന്നു, പരിപാടി കഴിയുമ്പോൾ പാതിരയായി. എല്ലാവർക്കും സന്തോഷമായി, എനിക്ക് ഒരു ക്ലാസിൽ ഇരുന്നപോലെയും. വേദിയിൽ നിന്നും ഇറങ്ങി പണിക്കർ വന്നു നിന്നത്, എന്റെ ഭാര്യ, ബിന്ദുവിന്റെ മടിയിൽ ഇരിക്കുന്ന മകൾ, കല്യാണിയുടെ അടുത്തേക്കാണ്, അവൾക്ക് അപ്പോൾ മൂന്നു വയസ്സാണ്. പണിക്കർ അവളുടെ കവിളിൽ വാത്സല്യത്തോടെ തൊട്ടു, പണിക്കർ പറഞ്ഞു, മോൾക്ക് ഉത്തരാധുനികത എന്താ എന്ന് മനസ്സിലായല്ലോ, അല്ലെ? "പിന്നെ ഞങ്ങളെ നോക്കി പറഞ്ഞു. ഇവൾ ഉറങ്ങാതെ ഇതൊക്കെ കേട്ടു, അവൾക്ക് മുഷിഞ്ഞിട്ടില്ല, നിങ്ങൾക്കും മുഷിഞ്ഞിട്ടുണ്ടാവില്ലല്ലോ... എന്നോട് നാട് ചോദിച്ചു, പട്ടാമ്പി എന്ന് പറഞ്ഞപ്പോൾ ചിലരെ ഓർത്തു, പട്ടാമ്പി കോളേജ് ഓർത്തു, 'പ്രസക്തി'യെ പറ്റിയും പറഞ്ഞു, അഞ്ചോ ആറോ നിമിഷം, പിന്നെ യാത്ര പറഞ്ഞു പോയി...

പിന്നെ, പല പ്രാവശ്യം ഞാൻ അയ്യപ്പപ്പണിക്കരെ ഓർത്തു, ഈ പുലർച്ചെ കെ. ജി. എസ്സിന്റെ കൂടെ വീണ്ടും കണ്ടു.

**കെ. സച്ചിദാനന്ദൻ:** കൊച്ചിയിലെ മഴയിൽ നനഞ്ഞുലയുന്ന മരങ്ങൾ നോക്കിക്കൊണ്ട് വായിച്ച ഈ മനോഹരമായ നോട്ടപ്രകാരം. നിനവ് നനഞ്ഞു.

## വി. സനിൽ: ശാസ്ത്രീയമായി മരിക്കേണ്ടതെങ്ങനെ?—കൊറോണയോടൊപ്പം

**കെ. എച്ച്. ഹുസൈൻ:** കൊറോണക്കാലത്തെ ധീരതയോടെ, തുറന്ന മനസ്സോടെ സമീപിക്കുന്ന ചിന്തകളാണ് സനിലിന്റേത്. ശാസ്ത്രത്തിനും സംഭവ്യതകൾക്കുമപ്പുറം ജീവിതത്തേയും അനിവാര്യമായ മരണത്തേയും ആരോഗ്യകരമായി ചേർത്തുനിറുത്താനുള്ള ശ്രമവുമാണ്. അങ്ങനെ കാലികമായ ജീവത്തായ ഒരു പ്രശ്നം സായാഹ്നയുടെ താളുകളിൽ എത്തിപ്പെട്ടിരിക്കുന്നു.

ലേഖനത്തിന്റെ ശീർഷകം സൂചിപ്പിക്കുന്ന ‘ശാസ്ത്രീയമായ മരണ’ത്തിലേക്ക് ലേഖനം എത്തിച്ചേരുന്നില്ല. പകരം ‘അശാസ്ത്രീയ മരണങ്ങളി’ലേക്ക് വേണ്ടുവോളം എത്തുന്നുമുണ്ട്. ലേഖനം അവസാനിപ്പിക്കുന്ന വാചകം പക്ഷേ, വല്ലാത്തൊരു ലളിതവൽക്കരണമാണ്—“ആത്മഹത്യക്കും കൊലയ്ക്കുമപ്പുറം ബലിയാടോ രക്തസാക്ഷിയോ ആകാതെ മരണത്തെ ജീവിതം തന്നെയായി കാണാനുള്ള രാഷ്ട്രീയ ബാദ്ധ്യതയാണ് കൊറോണ മുന്നോട്ടുവെക്കുന്നത്.”

ജനങ്ങൾക്കുമേൽ ഫാസിസ്റ്റ ഭരണകൂടങ്ങളുടെ സൂക്ഷ്മമായനോട്ടങ്ങൾക്ക് ഇരയാകുന്ന ഒരു ലോകമാണ് നമ്മെ കാത്തിരിക്കുന്നത്. സമ്പർക്കങ്ങൾ കുറഞ്ഞുവരുന്നത് മനുഷ്യനെ ഒരു സാമൂഹ്യജീവിയല്ലാതാക്കും. ജനാധിപത്യസംവിധാനങ്ങളെയും അനീതികൾക്കെതിരെയുള്ള പോരാട്ടങ്ങളെയും അത് ക്ഷീണിപ്പിക്കും. ‘സാമൂഹ്യമായ അകലം പാലിക്കൽ’ എന്നതിന് ദിവസം ചെല്ലുന്തോറും വൈദ്യശാസ്ത്രവിധികളും സർക്കാർ ന്യായീകരണങ്ങളും ഏറുകയാണ്. ഭരണഘടനയിൽപ്പോലും അത് എഴുതിച്ചേർക്കപ്പെടാം. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും പ്രത്യക്ഷത്തിൽ തിരിച്ചുവരികയാണ്. ഇന്ത്യയിൽ ബ്രാഹ്മണിസത്തിന്, മുഖപടമണിഞ്ഞ ജാത്യാചാരങ്ങൾക്ക് ആഹ്ലാദകരമായ സാദ്ധ്യതകൾ കൊറോണ നൽകിയിരിക്കുന്നു. രാഷ്ട്രീയകൊലകളും കോൺസൻട്രേഷൻ ക്യാമ്പുകളും ജനാധിപത്യ ധ്വംസനങ്ങളും കൊറോണക്കാലത്തും അതിനു മുമ്പും പിമ്പും പടരുന്ന ഒരു രാജ്യത്ത് കോവിഡ് മരണത്തേയും മറികടന്ന് മറ്റു മരണങ്ങൾ ദാരുണമായി രൂപം പ്രാപിക്കുന്നുണ്ട്. ബലിയാടുകളും രക്തസാക്ഷികളും പെരുകാനുള്ള ദുരന്തത്തെ എങ്ങനെ ആ അവസാന വാചകത്തിൽ ഒതുക്കും?

‘ശാസ്ത്രീയമായ മരണ’ത്തെകുറിച്ച് ഒരു പക്ഷേ, ആദ്യമായി പറഞ്ഞത് പ്രൊഫ. എം. എൻ. വിജയനാണ്—2006-ൽ രോഷത്തോടെ, പരിഹാസത്തോടെ. കൊറോണയുടെ വളരെ വളരെ ചെറിയൊരു പതിപ്പായ വൈറൽ രോഗം ആലപ്പുഴ ജില്ലയിൽ പടർന്നപ്പോളെഴുതിയ കുറിപ്പിൽ നടപ്പു ശാസ്ത്രീയ-അശാസ്ത്രീയതകളെ അദ്ദേഹം ചിന്താവിഷയമാക്കുന്നു. അത് കൊറോണക്കാലത്ത് ഏറ്റവും പ്രസക്തമായ വാക്കുകളായി മാറിയിരിക്കുന്നു.

ഒരു പനിയും കുറേ വൈദ്യന്മാരും

പ്രൊഫ. എം. എൻ. വിജയൻ

“ചേർത്തലപ്പനിയെ ഭരണകൂടം കൈകാര്യം ചെയ്ത രീതി ആദർശാത്മകമായിരുന്നു. പനിയും മരണവും മറയത്തുപോവുകയും കൊതുകാണോ രോഗകാരണം രോഗമാണോ മരണകാരണം എന്ന സംശയത്തിൽ ചർച്ചകൾ തലകുത്തി വീഴുകയും ചെയ്തു. മരിക്കുന്നത് കോഴിയോ പന്നിയോ പശുവോ ആയിരുന്നെങ്കിൽ ഈ രീതി ധാരാളമാണ്. ഇവർക്കൊന്നും നിയമസഭയിൽ പ്രാതിനിധ്യമില്ലല്ലോ. പച്ചയായ മനുഷ്യനെക്കുറിച്ചോ മരണത്തിന്റെ ക്രൂരതയെക്കുറിച്ചോ നമ്മുടെ വിദഗ്ദ്ധന്മാർ ഓർമ്മിച്ചിരുന്നതായേ തോന്നുന്നില്ല.

നൂറുകണക്കിനാളുകൾ ചത്തുവീഴുമ്പോൾ വയസ്സായാൽ മരിക്കും എന്ന ആപ്തവാക്യത്തിൽ ആശ്വാസം കൊള്ളുവാൻ ഭിഷഗ്വരന്മാർക്കും മടിയുണ്ടായിരുന്നില്ല. രോഗം മാറുന്നുവെങ്കിൽ അത് ശാസ്ത്രീയമായിത്തന്നെ വേണം എന്നേ അവർക്കു നിർബന്ധമുണ്ടായിരുന്നുള്ളു. ശാസ്ത്രത്തിന്റെ ശരിയായ ഉപയോഗം ഇതാണ്! ശാസ്ത്രീയമായി ജീവിക്കുവാനും ശാസ്ത്രീയമായി മരിക്കുവാനും കഴിയുന്ന ഒരു നൂറ്റാണ്ടാണല്ലോ നമ്മുടേത്. നിങ്ങളെയൊക്കെ അക്കങ്ങളായും കൂട്ടിക്കിഴിക്കുന്ന കണക്കുകളായും ചുരുക്കിക്കഴിഞ്ഞിരിക്കുന്നു.

ഇത്തരം ഒരു അമാനവീകരണം കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടമല്ല. 1943-ലെ കൊടിയ ദുരിത കാലത്ത് ജീവിച്ചിരുന്നവർക്ക് ഈ മാറ്റം ഉൾക്കൊള്ളുവാനും കഴിയില്ല; ഈ പനിക്ക് മരുന്നില്ല എന്നും സാന്ത്വനചികിത്സകൊണ്ട് എല്ലാവരും അടങ്ങിയിരിക്കണമെന്നും സർക്കാർ തന്നെ നിർദ്ദേശിച്ചിരുന്നതാണ്. അതിനിടയിലാണ് ആയുർവേദത്തിലെയും ഹോമിയോപ്പതിയിലെയും അവിദഗ്ദ്ധന്മാർ ഇതൊരസാദ്ധ്യരോഗമല്ല എന്നവകാശപ്പെട്ടത്. അല്പമെങ്കിലും ശാസ്ത്രബോധമോ മനുഷ്യസ്നേഹമോ ഉണ്ടായിരുന്നെങ്കിൽ ഈ അവകാശവാദങ്ങളെ പരീക്ഷണവിധേയമാക്കേണ്ടിയിരിക്കുന്നു. ഉണ്ടെന്നും ഇല്ലെന്നും പറയാൻ കാരണവർക്കാണധികാരം എന്നതൊരു ഫ്യൂഡൽ ചൊല്ലാണ്. ഇവിടെ നടന്നതാകട്ടെ അത്തരം ഒരു മൂപ്പിളമത്തർക്കവും ആണ്. അപ്പോഴും രോഗികൾ മരിച്ചുകൊണ്ടേയിരുന്നു.”

ഒക്ടോബർ 2006 (സമ്പൂർണ്ണകൃതികൾ, വാല്യം 6, പേജ് 435. InSight Publica).

**മുസ്തഫ:** ഇതൊരു തുടക്കമാണ്.

തുടർന്നും ഉത്തരവുകൾ വരും. മുഖപ്പട്ട കെട്ടി അകത്തിരിക്കാനും അകന്നിരിക്കാനും. ഒരുങ്ങാം നമുക്ക്.

**ലിസി മാത്യു:** ശ്രീ സനിലിന്റെ ‘ശാസ്ത്രീയമായി മരിക്കേണ്ടതെങ്ങനെ’ വേറിട്ട വായനാനുഭവമായി. ജീവനെയും ജീവിതത്തെയും വിട്ട് മരണത്തെയും രോഗത്തെയും മുഖംമൂടിയെയും കലാ/വിശകലന മിഴിവിൽ തിരിച്ചറിയാനുള്ള സൂചനകൾ ശ്രദ്ധേയം. ജീവചരിത്രക്കുറിപ്പിൽ ‘എന്നീ നിവൃത്തികളിലും ഏർപ്പെട്ടിട്ടുണ്ട്’ എന്ന പ്രയോഗം ഉചിതമായി.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റ ചർച്ചകൾ:

**സി വി രാധാകൃഷ്ണൻ:**

http://www.sayahna.org/?page_id=115

ഈ കണ്ണിയിൽ കെ. ദാമോദരൻ: സമ്പൂർണ്ണ കൃതികളുടെ ആറു ഭാഗങ്ങൾ ലഭ്യമാണ്. ഓരോ ഭാഗവും ഓരോ പിഡിഎഫ് (ടാബ്ലറ്റ്, ഐപ്പാഡ്, ഡെസ്ക്ടോപ് എന്നിവയ്ക്കു അനുയോജ്യമായ രീതിയിൽ) ആയും ഓരോ അദ്ധ്യായവും (110 എണ്ണം) പ്രത്യേകം ഫോൺ പിഡിഎഫ് ആയും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

അംഗങ്ങളേവരും താല്പര്യമുള്ള ഒരു അദ്ധ്യായമെങ്കിലും വായിച്ചുനോക്കി, തെറ്റുകൾ കാണുകയാണെങ്കിൽ ഹൈലൈറ്റ് ചെയ്തു തിരിച്ചയച്ചു തരുവാനപേക്ഷ. എത്രവേഗത്തിൽ കിട്ടുന്നുവോ അത്രയും വേഗം ഈ കൃതികൾ നമുക്കു പ്രസിദ്ധീകരിക്കുവാനാവും. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ദാമോദർ പ്രസാദ്:** നന്ദി.

എനിക്ക് താല്പര്യം തോന്നിയ വ്യക്തിയും പ്രസ്ഥാനവും എന്ന അദ്ധ്യായം വായിച്ചു.

പ്രൂഫ് നോക്കുക എന്നത് വളരെയധികം 'ശ്രദ്ധയും സൂക്ഷ്മത'യും ആവശ്യപ്പെടുന്ന പ്രവർത്തിയാണ്. തെറ്റുകൾ കണ്ടുപിടിക്കുക എന്ന ബോധപൂർവ്വമായ ഉദ്ദേശത്തോടെ ചെയ്യേണ്ടുന്ന പ്രവൃത്തി. ഉള്ളിൽ ശരിയെക്കുറിച്ച് നേരിയൊരു ധാരണയുണ്ടെങ്കിലെ തെറ്റ് കണ്ടെത്താൻ ഒരു പക്ഷേ, കഴിഞ്ഞേക്കു.

ഞാൻ പറഞ്ഞു വരുന്നത് പ്രൂഫ് നോക്കൽ എന്ന കലാവിദ്യയെക്കുറിച്ചാണ്.

കെ. ദാമോദരന്റെ വ്യക്തിയും പ്രസ്ഥാനവുമാണ് വായിച്ചു നോക്കിയത്. ചെറിയ ചെറിയ പിഴവുകളെ കണ്ടതുള്ളൂ. അച്ചടി പിശകുകൾ. വിട്ടു നില്ക്കുന്ന വാക്കുകൾ പോലുള്ളവ.

നല്ല നോട്ട വിദഗ്ദൻ ഭാഷാതെറ്റുകളും കണ്ടെത്തിയേക്കാം.

എന്തായാലും, കെ. ദാമോദരന്റെ മൗലികവും സ്വതന്ത്രവുമായ ചിന്ത പ്രതിഫലിക്കുന്ന അദ്ധ്യായമാണത്.

സ്റ്റാലിനെക്കുറിച്ചതിൽ പ്രത്യേക ഖണ്ഡിക തന്നെയുണ്ട്. തീർച്ചയായും രാഷ്ട്രീയ നേതാക്കൾ, അനുയായികൾ, ഫാൻസ്, ഭിക്ഷാംദേഹികൾ, എന്തിന് വിമർശകർ പോലും വായിക്കേണ്ടതാണ് സ്റ്റാലിനെക്കുറിച്ചുള്ള പ്രത്യേക ഭാഗവും വ്യക്തിയും പ്രസ്ഥാനവും എന്ന അദ്ധ്യായം മുഴവനും.

ആരാണ് നേതാവ്? നേതൃത്വ ഗുണമെന്നാൽ എന്താണ്? ജനങ്ങളും നേതാക്കളും തമ്മിലുള്ള ബന്ധമെന്താണ്? എങ്ങനെയുള്ളതായിരിക്കണം? നേതാവിന് സഹിഷ്ണത ആവശ്യമാണോ? അനുയായി എന്നാൽ വെറും മരത്തലയനാണോ?

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അകത്തു നിന്നാണ് കെ. ദാമോദരൻ ഇത്തരം മൗലികമായ അന്വേഷണങ്ങളും, ചോദ്യങ്ങളും ഉയർത്തിയതും ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിച്ചതും. അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി(കൾ)ക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ നിർണ്ണായകമായ സ്വാധീനമുള്ള ഘട്ടം കൂടിയായിരുന്നു. നേതൃത്വത്തിലാണെങ്കിൽ പ്രഗത്ഭരും.

ഒരു പക്ഷേ, ഇതിൽ നിന്ന് മനസ്സിലാക്കാവുന്ന ഒരു കാര്യം—ഏറ്റവും ശക്തമായിരിക്കുമ്പോഴാണോ മൗലികവും വിമതവുമായ ചിന്ത ഉയർത്താൻ കഴിയുക എന്നതാണോ?

**സി വി രാധാകൃഷ്ണൻ:** കെ ദാമോദരന്റെ സമ്പൂർണ്ണകൃതികളുടെ ആറാം ഭാഗത്തിന്റെ ഒറ്റ പിഡിഎഫും വിവിധ അദ്ധ്യായങ്ങളുടെ 17 ഫോൺ പിഡിഎഫുകളും.

http://www.sayahna.org/?page_id=115

എന്ന കണ്ണിയിൽ ലഭ്യമാണ്. ഈ പേജിൽ പച്ച നിറത്തിലുള്ള ടിക് മാർക്ക് രേഖപ്പെടുത്തിയിട്ടുള്ള അദ്ധ്യായങ്ങൾ അംഗങ്ങൾ തെറ്റുതിരുത്തുവാൻ ഡൗൺലോഡ് ചെയ്തവയാണ്. അവ ഇനിയും ഡൗൺലോഡിനു ലഭ്യമല്ല. ലിങ്കുകൾ നിർജ്ജീവമാണ്.

മൂലഗ്രന്ഥങ്ങളുടെ പിഡിഎഫുകളും തെറ്റുതിരുത്തുന്നവരുടെ സൗകര്യാർത്ഥം ഇവിടെ ലഭ്യമാണ്.

(സെപ്റ്റംബർ 6 മുതൽ 12 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം — കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ — എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014